# പ്ലാച്ചിമട: നഷ്ടപരിഹാരം കണക്കാക്കാൻ വിദഗ്ധ സമിതി

പ്ലാച്ചിമടയിൽ കൊക്കൊകോള സൃഷ്ടിച്ച ജലചൂഷണവും, ജലമലിനീകരണവും മൂലമുണ്ടായ നഷ്ടവും പരിസ്ഥിതി പ്രത്യാഘാതങ്ങളും കംക്കാക്കാൻ വിദഗ്ദസമിതിയെ നിയോഗിക്കാൻ മന്ത്രിസഭാ യോഗം തീരുമാനിച്ചു. വിളകൾക്കും മൃഗസംരക്ഷണമേഖലയ്ക്കുമുണ്ടായ നഷ്ടവും സമിതി പരിശോധിക്കും. പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കാൻ സമിതിയോട് ആവശ്യപ്പെടും. വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട വിദഗ്ധരാവും സമിതിയിലുണ്ടാകുക.

# പ്ലാച്ചിമടയെക്കുറിച്ച്
## ശശി തരൂർ പറഞ്ഞത്



കൊക്കക്കോളയ്ക്കെതിരെയുള്ള ആരോപണങ്ങൾ പൂർണ്ണമായും രാഷ്ട്രീയ പ്രേരിതവും ശാസ്ത്രീയമായി യാതൊരു വിധ അടിസ്ഥാനവുമില്ലാത്തതും ആണെന്ന് ശശി തരൂർ. 80 കോടി രൂപയുടെ നിക്ഷേപം കേരളത്തിലേക്ക് കൊണ്ടുവന്ന കോള ഫാക്ടറി അടച്ചുപൂട്ടിയതിന്റെ ഉത്തരവാദിത്വം കോള വിരുദ്ധ സമരക്കാർക്കാണ്. ഇതുമൂലം 400 പേർ തൊഴിൽ രഹിതരായി കമ്പനിയുമായി ബന്ധപ്പെട്ട് ജോലി ചെയ്തിരുന്ന നിർമ്മാണത്തൊഴിലാളികൾ വാഹന ജോലിക്കാർ, വിതരണക്കാർ തുടങ്ങിയ 5000ത്തോളം പേർക്ക് തൊഴിൽ നഷ്ടപ്പെട്ടു. ഇത്രയും പേർക്ക് തൊഴിൽ നഷ്ടപ്പെട്ടപ്പോൾ ഫാക്ടറി അടച്ചുപൂട്ടിയതുകൊണ്ട് ഒരാൾക്കു പോലും ഗുണമുണ്ടായില്ല. പ്ലാച്ചിമട സോളിഡാരിറ്റി കമ്മിറ്റിയുടെ തുറന്ന കത്തിനോടുള്ള പ്രതികരണത്തിലാണ് ശശി തരൂർ ഇക്കാര്യങ്ങൾ പറഞ്ഞത്.

കൊക്കക്കോള വിരുദ്ധസമരം മൂലം നിക്ഷേപ വിരുദ്ധ സംസ്ഥാനമെന്ന കേരളത്തിന്റെ ദുഷ്പേര് പുനഃസ്ഥാപിക്കപ്പെട്ടു. കേരളത്തിൽ നിലനിൽക്കുന്ന രാഷ്ട്രീയാതിപ്രസരം നിറഞ്ഞ ഇത്തരം അന്തരീക്ഷം മൂല

മാണ് സ്വകാര്യമേഖലയിലെ വൻ നിക്ഷേപകർ കേരളത്തിലേക്ക് വരാത്തത്. തൊഴിലന്വേഷകരായി നമ്മുടെ നാട്ടുകാർ അന്യസംസ്ഥാനങ്ങളിലേയ്ക്കും വിദേശത്തേക്കും പലായനം ചെയ്യേണ്ടി വരുന്നതും ഇതുമൂലമാണ്.

ജനങ്ങളുടെ യഥാർത്ഥ ആവശ്യങ്ങൾക്കു മേലെ രാഷ്ട്രീയം ആധിപത്യം നേടുന്നതിന്റെ ദുരന്തപര്യവസായിയായ ഉദാഹരണമാണ് കോള വിരുദ്ധസമരത്തിന്റേത്. പ്ലാച്ചിമടയിലെ ജനങ്ങളുടെ യഥാർത്ഥ അഭിവൃദ്ധിയാണ് പ്രക്ഷോഭകരുടെ ലക്ഷ്യമെങ്കിൽ കൊക്കക്കോള പോലെയുള്ള കമ്പനികളെ കേരളത്തിലേക്ക് കൊണ്ടുവരാനും അതുവഴി കേരളത്തിലെ ജനങ്ങൾക്ക് തൊഴിലും കുടിവെള്ളവും ലഭ്യമാക്കാനുമാണ്, സമരസമിതി ശ്രമിക്കേണ്ടത്. അത്തരത്തിലുള്ള ശ്രമങ്ങളോടൊപ്പം ചേരാൻ സന്തോഷമേയുള്ളവെന്ന് ശശി തരൂർ പറയുന്നു.

കൊക്കക്കോള കമ്പനിയിലല്ല, കമ്പനിയുടെ സാമ്പത്തിക സഹായത്തോടെ പ്രവർത്തിക്കുന്ന കൊക്കക്കോള ഫൗണ്ടേഷന്റെ ഉപദേശകസമിതിയിലാണ് താൻ അംഗമായിരിയ്ക്കുന്നത്. വാണിജ്യ താൽപര്യങ്ങൾക്കപ്പുറത്ത് നമ്മുടെ രാജ്യത്തെ ജനങ്ങളെ സേവിയ്ക്കുകയാണ് ഫൗണ്ടേഷനിലൂടെ കമ്പനി ചെയ്യുന്നത്.

സ്വകാര്യ സംരംഭങ്ങൾ അവ പ്രവർത്തിക്കുന്നതും നിലനിൽക്കുന്നതുമായ സമൂഹത്തിന് ഉപകാരപ്രദമായ പ്രവർത്തനങ്ങളിലേർപ്പെടണമെന്നുള്ളത് ഐക്യരാഷ്ട്ര സഭയിൽ പ്രവർത്തിക്കുന്ന കാലം തൊട്ടേയുള്ള തന്റെ നിലപാടാണ്. നമ്മുടെ നാട്ടിൽ ദുർലഭമായ ശുദ്ധമായ കുടിവെള്ളം ജനങ്ങൾക്കെത്തിയ്ക്കുന്നതിന് മുൻഗണന നൽകുകയാണ് കൊക്കക്കോള ഫൗണ്ടേഷൻ ഉപദേശകസമിതി അംഗമെന്ന നിലയിൽ താൻ ചെയ്തത്.

ഭൂഗർഭ ജലചൂഷണം, ഭൂഗർഭജലമലിനീകരണം തുടങ്ങിയ ആരോപണങ്ങളുന്നയിച്ച് കമ്പനിയ്ക്കെതിരെ നടത്തിയ സമരങ്ങളാണ് കമ്പനി 2004ൽ അടച്ചുപൂട്ടാൻ ഇടയാക്കിയത്. കമ്പനി പ്രവർത്തനം നിർത്തിയതിനുശേഷമാണ് പ്ലാച്ചിമടയിലെ ഭൂഗർഭ ജലനിരപ്പ് താഴാൻ തുടങ്ങിയതെന്നും കമ്പനി ജലചൂഷണം നടത്തിയിട്ടില്ലെന്നും 2005 ആഗസ്റ്റിലെ വിധിയിൽ ഹൈക്കോടതിയുടെ ഡിവിഷൻ ബെഞ്ച് വ്യക്തമാക്കിയിട്ടുള്ളതാണ്. ഭൂഗർഭ ജലമലിനീകരണം തുടങ്ങിയ സമരസമിതിയുടെ ആരോപണങ്ങളും തെറ്റാണെന്ന് കേരള മലിനീകരണ നിയന്ത്രണബോർഡിന്റെയും കേന്ദ്ര ഭൂഗർഭ ജലവകുപ്പിന്റേയും റിപ്പോർട്ടുകളെ അടിസ്ഥാനമാക്കി ശശി തരൂർ സ്ഥാപിക്കുന്നു.

# ശശി തരൂർ അറിയാൻ

എസ്. ഫെയ്സി

പ്ലാച്ചിമട സമര ഐക്യദാർഢ്യ സമിതിയുടെ വിമർശത്തിനോടുള്ള അങ്ങയുടെ പ്രതികരമം ഹിന്ദുവിൽ വന്നത് താല്പര്യത്തോടെ വായിച്ചു. ഇന്ത്യയിലെ കൊകൊകോളാ കമ്പനിയുടെ പ്രചരണ ജനസമ്പർക്ക (പി.ആർ) പദ്ധതിയുടെ വക്താവായി വെബ്സൈറ്റിൽ വന്ന അങ്ങയുടെ സുദീർഘ ലേഖനവും വായിച്ചു. അങ്ങ് കൊകൊകോള കമ്പനിയുടെ വക്താവാകുന്നതിൽ എനിക്കൊട്ടും എതിർപ്പില്ല. കാരണം അങ്ങയെപ്പോലുള്ളവരെ അത്തരം സ്ഥാനങ്ങളിലാണ് ജനങ്ങൾ പ്രതീക്ഷിക്കുന്നത്. എന്നാൽ അങ്ങയുടെ കത്തിലെ തെറ്റിദ്ധാരണ പരത്തുന്ന ഭാഗങ്ങളാണ് ഇതെഴുതാൻ എന്നെ പ്രേരിപ്പിച്ചത്. കേരളത്തിന്റെ വികസനസംബന്ധമായി കോളകമ്പനിയുടെ വേതനം പറ്റുന്നവർപോലും പറയാൻ മടിക്കുന്ന അസംബന്ധനപ്രസ്താവനകളോട് അങ്ങ് നടത്തിയത്.

അങ്ങ് സൂചിപ്പിച്ച ഹൈക്കോടതി വിധി, കമ്പനിക്കെതിരെയു ണ്ടായ ഒരു സിംഗിൾ ബെഞ്ച് വിധിയെ തുടർന്നുണ്ടായ ഡിവിഷൻ ബെഞ്ചിന്റെ വിധിയാണ്. പെരുമാട്ടി പഞ്ചായത്തും കമ്പനിക്കെതിരെ പൊരുതുന്ന ബഹുജനപ്രസ്ഥാനങ്ങളും ഇതിനെതിരെ സുപ്രീംകോടതിയിൽ പൊരുതുന്ന വിശ്വാസ്യത നഷ്ടപ്പെട്ട സി.ഡബ്ല്യു.ആർ.ഡി.എം. റിപ്പോർട്ട് അബദ്ധജഡിലമാണെന്ന കാര്യം ശാസ്ത്രജ്ഞർക്കു തന്നെ അറിയാവുന്നതും സുപ്രീം കോടതിയിൽ അവതരിപ്പിക്കപ്പെട്ടതുമാണ്. ചിറ്റൂർ താലൂക്കിൽ 20% മഴവെള്ളം ഭൂമിക്കടിയിലേക്ക് തിരിച്ചുവിടാമെന്ന ഇ.ഡബ്ല്യു.ആർ.ഡി.എം ന്റെ റിപ്പോർട്ട് അബദ്ധമാണെന്നറിയാൻ 2003ലെ സി.ജി.ഡബ്ല്യു.ബി (സെൻട്രൽ ഗ്രൗണ്ട് വാട്ടർ ട്രബോർഡ്)ന്റെ പഠനറിപ്പോർട്ട് നോക്കിയാൽ മതി. 5-8% ആണ് ഇ.ജി.ഡബ്ല്യു.ബി. കണ്ടെത്തിയത്. ഗാർഹിക/കാർഷിക ജനആവശ്യങ്ങളെക്കുറിച്ച് റിപ്പോർട്ട് മറച്ച് വെക്കുകയും ചെയ്യുന്നു. ഹൈക്കോടതിക്ക് മുമ്പിലുണ്ടായ പ്രശ്നം പഞ്ചായത്തിന്റെ അധികാര പരിധിമാത്രമായിരുന്നു. പരിസ്ഥിതി നാശമോ, കുടിവെള്ളക്കൊള്ളയോ ഭരണഘടനവാഗ്ദാനം ചെയ്യുന്ന ജീവിക്കാനുള്ള അവകാശം ലംഘിക്കപ്പെട്ടതോ ആയിരുന്നില്ല. സർക്കാരിന്റെ ഭൂജലവിഭാഗം 2006ലെ പഠനറിപ്പോർട്ടിൽ പാലക്കാട് ജില്ലയിലെ ഭൂജലാവസ്ഥയെ കുറിച്ച് ഞെട്ടിപ്പിക്കുന്ന വിവരങ്ങളാണ് നൽകുന്നത്.

2003ലെ ഭൂജല നിയമപ്രകാരം ഭൂജലം പൊതുസ്വത്തായിമാറി. ഈ നിയമവും മറ്റ് പരിസ്ഥിതി സ്വാഭാവിക നീതിയും ഹൈക്കോടതി പരിഗണിച്ചില്ല. ഭൂജലത്തിനെസ്വകാര്യ സ്വത്തായാണ് കണക്കാക്കിയത്. പ്രസ്തുത നിയമപ്രകാരം അത് പൊതുസ്വത്തായിരിക്കെ സർക്കാർ സ്ഥാപനങ്ങൾക്ക് ക്രമീകരണവകാശങ്ങളുണ്ടായിരിക്കെ അപെക്സ് കോടതിമേൽ വിഷയം കൂടി പരിഗണിക്കേണ്ടതാണ്.

അപകരടകരമായ വിഷവസ്തു നിക്ഷേപത്തെ അങ്ങ് നിക്ഷേപിക്കുന്നു. സുപ്രീം കോടതിയുടെ നിരീക്ഷണ കമ്മിറ്റി 2004 ആഗസ്റ്റിലെ റിപ്പോർട്ടിൽ കാഡ്മിയം ലെഡ് തുടങ്ങിയ ഘനലോഹസാന്നിദ്ധ്യം സ്ഥിരീകരിച്ചിട്ടുണ്ട്. നിഷ്കളങ്കരായ പ്രാദേശിക കർഷകർക്ക് വളം എന്ന വ്യാജേന, കമ്പനി വിതരണം ചെയ്തതാണിത്. വിതരണം നിർത്താൻ സംസ്ഥാനമലിനീകരണ നിയന്ത്രണ ബോർഡ് ഉത്തരവിടുകയും ചെയ്തു. സ്വതന്ത്രലാബുകൾ ജനമലിനീകരണം സ്ഥിരീകരിക്കുകയും പഞ്ചായത്തുകിണറുകളിലെ വെള്ളം (ഫാക്ടറി പരിസരത്തുള്ള) ഉപഭോഗയോഗ്യമല്ലെന്ന് ജനങ്ങളെ ഉദ്ബോധിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

എസ്.സി/എസ്.ടി കമ്മീഷന്റെ അംഗമെന്ന നിലക്ക് ഞാൻ രണ്ടാഴ്ചക്ക് മുമ്പ് സ്ഥലം സന്ദർശിക്കുകയും സമീപവാസികളുടെ അവസ്ഥ നേരിട്ടറിയുകയും ചെയ്തു. പ്രത്യേകിച്ച് എസ്സി/എസ്ടി വിഭാഗക്കാരുടെയും പൊതുവെ പാവപ്പെട്ട മറ്റുള്ളവരു

ടെയും ജലദൗർലഭ്യം ഞാൻ കണ്ടറിഞ്ഞു. കുടിവെള്ള മലിനീകരണം എസ്.സി/എസ്.ടി ആക്ട് അനുസരിച്ച് കുറ്റകരമാണ്. 14.07.2004ൽ പ്രശ്നബാധിതർക്ക് പൈപ്പ് വെള്ളമെത്തിക്കാമെന്ന് പ്രായശ്ചിത്തമെന്ന നിലയിൽ കമ്പനി സമ്മതിച്ചതാണ്. ഈ ധാരണയിൽ നിന്നും പിന്നീട് കമ്പനി പിന്മാറി.

മലിനീകരണത്തിനുത്തരവാദി പരിഹാരചിലവ് വഹിക്കുക എന്നത് പ്രായോഗിക നീതിയുടെ ഭാഗമായിട്ടുണ്ട്. റിയോ പ്രഖ്യാപനം (16-ാം ഖണ്ഡം) ഇക്കാര്യം ഉയർത്തിപ്പിടിക്കുനനു. (പ്രസ്തുത നിയമം വികസിപ്പിക്കുന്നതിൽ ഞാനും ഭാഗഭാക്കായിരുന്നു.) പ്ലാച്ചിമടയിലെ കൊകൊകോളയുടെ കാര്യത്തിൽ ഈ നിയമം കൃത്യമായും ബാധകമാണ്. ജനങ്ങൾക്ക് വേണ്ടി പരിഹാരത്തുക കമ്പനിയിൽ നിന്നും ഈടാക്കണമെന്ന് കേരളത്തിലെ ഭൂജല വകുപ്പ് ഒക്ടോബർ 2008ലെ യോഗത്തിൽ സർക്കാരിനോട് നിർദ്ദേശിച്ചാൽ കാരണം മറ്റൊന്നുമല്ല, ഇവിടെ മലിനീകരണം നടന്നിട്ടുണ്ട്. ഭൂജലം നിയമ വിരുദ്ധമായി കൊള്ളച്ചെയ്യപ്പെട്ടിരിക്കുന്നു. കൃഷിനാശം സംഭവിച്ചിരിക്കുന്നു. കാര്യങ്ങൾ കൃത്യമായി അപഗ്രഥിച്ച് നഷ്ടം തിട്ടപ്പെടുത്തി കാരണക്കാരെ നിയമവാഴ്ചക്ക് വിധേയരാക്കേണ്ടിയിരിക്കുന്നു.

# ശശി തരൂരിന് ഒരു തുറന്ന കത്ത്

പ്ലാച്ചിമടയിലെ കൊകോകോള ഫാക്ടറി 2004 മുതൽ അടച്ചിരിക്കുകയാണെന്ന് അങ്ങേക്കറിയാം. കേരള മലിനീകരണ നിയന്ത്രണബോർഡിന്റേയും പെരുമാട്ടി പഞ്ചായത്തിന്റേയും അവശ്യം വേണ്ട അനുമതി പത്രം ലഭിക്കായ്കയാലാണ് അടച്ചിടേണ്ടിവന്നത്. ആയതിന്റെ പ്രാഥമിക കാരണങ്ങൾ ഇവയാണ്.

ഭൂമിക്കടിയിലെ വെള്ളം മാരകമായ കാർഡിനോജനിക് കാഡ്മിയം, ലഡ് മുതലായവയാൽ മലിനീകരിച്ചു. ഇവക്ക് തൃപ്തികരമായ വിശദീകരണം നൽകാൻ പരാജയപ്പെട്ടു.

മണ്ണിനെ ഫലഭൂയിഷ്ടമാക്കുന്ന പദാർത്ഥം എന്ന വ്യാജേനകാർഡിനോജനിക് കാഡ്മിയവും ലഡും നിഷ്കളങ്കരായ കർഷകർക്കിടയിൽ വിതരണം ചെയ്തു.

സുപ്രീം കോടതിയുടെ Hazardous Waste Monitoring Committee നിർദേശിച്ച പ്രകാരം പ്രശ്നബാധിതജനങ്ങൾക്ക് കുടിവെള്ളം കൊടുത്തില്ല.

കുടിവെള്ളം ഊറ്റി അത്യാവശ്യമല്ലാത്ത പാനീയമാക്കിമാറ്റി മറ്റ് പ്രദേശങ്ങളിൽ വിതരണം ചെയ്ത് ജലക്ഷാമമുണ്ടാകാൻ ഇടയാക്കി.

ആദിവാസികളും ദളിതരും 2002ൽ തുടങ്ങിവച്ച കോള വിരുദ്ധ സമരം എല്ലാ വിഭാഗങ്ങളിൽ നിന്നും പിന്തുണനേടിയ കേരളചരിത്രത്തിലെ ഏറ്റവും വലിയ ജനകീയ സമരമാണ്.

മെഹ്ദി ഗൻജ്, കലാദെരാ തുടങ്ങിയ സ്ഥലങ്ങളിൽ കൊകോകോള നടത്തിയ ഇത്തരം മലിനീകരണ പ്രവർത്തികൾക്കും പരിസ്ഥിതിനാശത്തിനും എതിരെ സമരങ്ങൾ നടന്ന് വരികയാണെന്ന് അങ്ങേക്കറിയാം. കൊളംബിയയിലെ സ്വന്തം തൊഴിലാളികളെ മയക്കുമരുന്ന് മാഫിയയെ ഉപയോഗിച്ച് കൊലപ്പെടുത്താൻ ശ്രമിച്ചത് ILO അന്വേഷിച്ച് വരികയാണെന്ന് അറിയാം. ദില്ലിയിലെ ശാസ്ത്ര പരിസ്ഥിതികേന്ദ്രം കീടനാശിനികളും മറ്റു വിഷാംശങ്ങളുമടങ്ങിയ വെള്ളവും ശീതളപാനീയങ്ങളും ഉണ്ടാക്കി വിറ്റതിന് കൊകൊകോളയെ കുറ്റപ്പെടുത്തിയിട്ടുണ്ട്. 2005മുതൽ 2008വരെ അമെരിക്കയിലെ നാപാ കൺട്രികൊന്യോനിൽ മലിനജലം കൈകാര്യം ചെയ്തതിൽ വീഴ്ച വരുത്തിയതിന് 7.59 മില്യൻ ഡോളർ പിഴയടപ്പിച്ചത് ഈ അടുത്ത കാലത്താണ്. ആ പ്രദേശത്ത് കൊകൊകോളയുടെ നടപടി ഗുരുതരമായ മലിനീകരണപ്രശ്നങ്ങൾ സൃഷ്ടിച്ചിരുന്നു.

U.N ന്റെ അണ്ടർ സെക്രട്ടറി ജനറൽ ആയിരുന്ന എഴുത്തുകാരനും പല സ്ഥാപനങ്ങളുടേയും ഉപദേശകനുമായ, രാഷ്ട്രീയമോഹങ്ങൾ വച്ചുപുലർത്തുന്ന അങ്ങ് കൊകൊകോള-ഇന്ത്യ ഫൗണ്ടേഷന്റെ ഉപദേശകസമിതിയിൽ അംഗമായത് ഞെട്ടലോടെയാണ് ഞങ്ങൾ കേട്ടത്. പ്ലാച്ചിമട നിവാസികൾക്കെതിരെ കുറ്റവാളികളും ക്രൂരരുമായ കൊകൊകോളയുമായിചേർന്ന് മനഃസാക്ഷിക്കുത്തില്ലാതെ പ്രവർത്തിക്കാൻ തീരുമാനിച്ചതിൽ ഞങ്ങൾ പ്രതിഷേധിക്കുന്നു.

**വേലൂർ സ്വാമിനാഥൻ,**
പ്ലാച്ചിമട ആദിവാസിസംരക്ഷണസംഘം

**ആർ. അജയൻ,**
പ്ലാച്ചിമട സമരഐക്യദാർഢ്യസമിതി പ്രവർത്തകൻ.
14 ഫിബ്രവരി 2009



## ശശി തരൂരിന് സ്നേഹപൂർവ്വം

# പ്ലാച്ചിമടയിലെ കോർപ്പറേറ്റ് അധിനിവേശം തിരിച്ചറിയുക.

ഒരു സ്ക്വയർ കിലോമീറ്റർ പ്രദേശത്തു 1500 ഓളം പേർ തിങ്ങി പാർക്കുന്ന പ്ലാച്ചിമടയിൽ ഭൂജലശോഷണവും ഭൂജല മലിനീകരണവും ഉണ്ടാകുമെന്ന് മുൻകൂട്ടി അറിയാമായിരുന്നിട്ടും ഫാക്ടറി സ്ഥാപിച്ചത് മനുഷ്യാന്തസ്സിന്റെ മേലുള്ള അധിനിവേശമാണ്.

വരൾച്ചാബാധിത പ്രദേശമായ പ്ലാച്ചിമടയിൽ ദിവസം 20 ലക്ഷം ലിറ്റർ വീതം ഭൂജലമൂറ്റാനും 15 ലക്ഷം ലിറ്റർ വീതം മലിനജലമൊഴുക്കാനും ശേഷിയുള്ള ഫാക്ടറി സ്ഥാപിച്ചത് കാർഷിക ജീവനോപാധികളുടെ മേലുള്ള അധിനിവേശമാണ്.

ദിവസം 20 ലക്ഷം ലിറ്റർ വീതം ഭൂജലമെടുക്കാനും 15 ലക്ഷം വീതം മലിനജലം തള്ളാനും ശേഷിയുള്ള ഫാക്ടറി സ്ഥാപിച്ച ശേഷം ദിവസം 5 ലക്ഷം ലിറ്റർ വീതം ഭൂജലമേയെടുക്കുന്നുള്ളൂവെന്ന് കള്ള സത്യവാങ്ങ് മൂലം നല്കി ഹൈക്കോടതിയിൽ ജയം നേടിയത് ജനാധിപത്യ സ്ഥാപനങ്ങളുടെ മേലുള്ള അധിനിവേശമാണ്.

ഖരമാലിന്യങ്ങളിൽ കാഡ്മിയം, ലെഡ് പോലുള്ള മാരക വിഷപദാർത്ഥങ്ങളുണ്ടെന്നറിഞ്ഞിട്ടും അത് വളമായി കർഷകർക്ക് വിതരണം ചെയ്യുകയും, കൃഷിയിടങ്ങളിലും നദീ തടങ്ങളിലും നിക്ഷേപിക്കുകയും ചെയ്യുന്നത് ആരോഗ്യത്തിന്റെയും പരിതസ്ഥിതിയുടേയും മേലുള്ള അധിനിവേശമാണ്.

പ്ലാച്ചിമട പ്രശ്നം മാനുഷ്യാന്തസ്സിന്റേയും ആരോഗ്യത്തിന്റേയും ജീവനോപാധികളുടേയും പരിതസ്ഥിതിയുടേയും മേലുള്ള കോർപറേറ്റ് അധിനിവേശമാണ്.

പ്ലാച്ചിമട കോക്കകോള വിരുദ്ധസമരസമിതി
കന്നിമാരി. പി.ഒ. പാലക്കാട് (ജില്ല) 2009, ഏപ്രിൽ 8,
വിളയോടി വേണുഗോപാൽ (ചെയർപേഴ്സൺ) 9744831675

# കൊക്കക്കോള പ്രതിനിധി പാർലമെന്റിൽ എത്തരുത്

പ്ലാച്ചിമടയിലെ കൊക്കോകോള കമ്പനിക്കെതിരെയുള്ള ഗാന്ധിമാർഗ്ഗ സമരത്തെ തള്ളിപറയുകയും, കൊക്കോകോളയെ ന്യായീകരിക്കുകയും ചെയ്തു. ശശീതരൂരിനെഏതൊരു കാരണവശാലും പാർല്ലമെന്റിലേക്ക് അയയ്ക്കരുതെന്ന് പ്ലാച്ചിമട കോളവിരുദ്ധ സമരസമിതി ജനങ്ങളോട് ആവശ്യപ്പെടുന്നു. ബഹുരാഷ്ട്ര കുത്തകകൾ അവരുടെ വിവിധ കമ്പനികളിൽ രാഷ്ട്രീയക്കാരെ ഉൾപ്പെടുത്തി, സാമ്പത്തികമായി സഹായിച്ച്, രാഷ്ട്രീയ തീരുമാനങ്ങളെ സ്വാധീനിക്കാറുണ്ട്. ഇത്തരത്തിലുള്ള കൊക്കോക്കോളയുടെ സ്ഥാനാർത്ഥിയാണ് ശശീ തരൂർ. കൊക്കോക്കോളയുടെ ഇൻഡ്യൻ സമരത്തെ വിമർശിച്ചത്, സ്വന്തം കിണറിലെ വെള്ളം കൊക്കോകോള കമ്പനിയുടെ പ്രവർത്തനം കൊണ്ട് മലിനീകരിക്കപ്പെട്ടപ്പോഴാണ് പ്ലാച്ചിമടയിലെ ദരിദ്ര ജനങ്ങൾ കമ്പനിക്കെതിരേ സമരം തുടങ്ങിയത്, ഇന്ന് പ്ലാച്ചിമടയിലെ ജനങ്ങൾ കുടിവെള്ളത്തിനുവേണ്ടി ജോലിയും പഠനവും മാറ്റിവച്ച് കാത്തിരിക്കേണ്ട ഗതികേടിലാണ്. കരാറടിസ്ഥാനത്തിൽ കൂലിപ്പണിക്കാരന് കിട്ടുന്നതിലും കുറഞ്ഞ ദിവസക്കൂലിക്ക് പണിയെടുക്കേണ്ട തൊഴിലവസരം ഉണ്ടാക്കിയതിന്റെ പേരിലാണോ! ശശീതരൂർ കൊക്കോകോളയെ ന്യായീകരിക്കുന്നത്; സാധാരണക്കാരന്റെ കുടിവെള്ളത്തിനുവേണ്ടിയുള്ള സമരത്തെ കൊക്കോക്കോള പോലുള്ള ബഹുരാഷ്ട്രകുത്തകകൾക്ക് വേണ്ടി തള്ളിപറഞ്ഞ ഒരാൾക്ക് എങ്ങനെയാണ് നാളെ ജനതാല്പ്പര്യം സംരക്ഷിക്കുവാൻ കഴിയുക, സ്വാതന്ത്ര്യത്തിനുവേണ്ടി ത്യാഗമനുഷ്ഠിച്ചു, എന്നഭിമാനിക്കുന്ന പ്രസ്ഥാനം ശശിതരൂരിനെ സ്ഥാനാർത്ഥിയാക്കിയത് ഏറ്റവും വലിയ നാണക്കേടാണ്. ഇത്തരക്കാർ ജയിച്ചുവന്നാൽ നമ്മുടെ പരമാധികാരം കുത്തകശക്തികളുടെ കൈയ്യിൽ അകപ്പെടും. അതിനാൽ ജനങ്ങൾ ശശിതരൂരിന് വോട്ട് ചെയ്യരുതെന്ന് ശശിതരൂർ ഒഴികെയുള്ള ഏതെങ്കിലും സ്ഥാനാർത്ഥിക്ക് അവരവരുടെ വിവേചനഅധികാരം ഉപയോഗിച്ച് വോട്ട് ചെയ്യണമെന്ന് സമരസമിതി ജനങ്ങളോട് അഭ്യർത്ഥിക്കുന്നു.

പത്രസമ്മേളനത്തിൽ വിളയോടി വേണുഗോപാൽ, പ്ലാച്ചിമടസമരസമിതി ചെയർമാൻ, പ്ലാച്ചിമട സമരഐക്യദാഷ്യസമിതി സംഘടനാ ഭാരവാഹികളായ റ്റി. പീറ്റർ, സ്വതന്ത്രമത്സ്യ തൊഴിലാളി ഫെഡറേഷൻ പ്രസിഡന്റ് ബോബിതോമാസ്, ഇ ജ ക ങ ഘ ജില്ലാസെക്രട്ടറി കെ ജനാർദ്ദനൻ നായർ, സ്വദേശി ജാഗരൺ മഞ്ച് സംസ്ഥാനകൺവീനർ അ. ങ റഹിം, സർവ്വോദയ മണ്ഡലം ജില്ല സെക്രട്ടറി എന്നിവർ പത്രസമ്മേളനത്തിൽ പങ്കെടുത്തു.

കോള വിരുദ്ധ സമര സമിതിയുടെ പത്രപ്രസ്ഥാവന

പ്ലാച്ചിമട സമര ഐക്യദാർഢ്യ സമിതി
കന്നിമാരി പി.ഒ. പാലക്കാട്.